പതിനാലാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 7

28.05.2019-ൽ മറുപടിക്ക്

# ഭരണമികവിനുള്ള അംഗീകാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>,, എസ്.രാജേന്ദ്രൻ<br>,, കെ.ജെ. മാക്സി<br>,, കെ. ആൻസലൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രളയം, ഓഖി, നിപ തുടങ്ങിയ ദുരന്തങ്ങൾ സംസ്ഥാനത്തെ പലവിധത്തിൽ പ്രതികൂലമായി ബാധിച്ചുവെങ്കിലും അവയെല്ലാം ഫലപ്രദമായി നേരിട്ട് നാടിന്റെ വികസനവും ക്ഷേമവും ഉറപ്പാക്കുന്നതിന് എന്തെല്ലാം കാര്യക്ഷമമായ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം-I, അനുബന്ധം-II, അനുബന്ധം - III ആയി ചേർത്തിരിക്കുന്നു. |
| (ബി) ഐക്യരാഷ്ട്രസഭയുടെയും നീതി ആയോഗിന്റെയും പഠനത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഉണ്ട്. 2018-ൽ ഐക്യരാഷ്ട്ര സഭയുടെയും ഗ്ലോബൽ ഗ്രീൻ ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹകരണത്തോടെ നീതി ആയോഗ് തയ്യാറാക്കിയ സുസ്ഥിരവികസന ലക്ഷ്യ സൂചികയിൽ (SDG ഇന്ത്യ ഇൻഡക്സ് - 2018) കേരളത്തിന് ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. പതിനേഴ് സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പതിമൂന്ന് ലക്ഷ്യങ്ങളുമായി (12, 13, 14, 17 ലക്ഷ്യങ്ങളൊഴികെ) ബന്ധപ്പെട്ട മുൻഗണന സൂചികകളുടെ അടിസ്ഥാനത്തിലാണ് എസ്.ഡി.ജി. ഇന്ത്യ ഇൻഡക്സ് 2018 തയ്യാറാക്കിയിട്ടുള്ളത്. |
| (സി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് സംസ്ഥാനം ഒന്നാമത് എത്തിയതെന്ന് അറിയിക്കാമോ; | (സി) 17 സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ നല്ല ആരോഗ്യവും ക്ഷേമവും (ലക്ഷ്യം-3), ഗുണമേന്മയുള്ള വിദ്യാഭ്യാസം (ലക്ഷ്യം - 4), ലിംഗ സമത്വം (ലക്ഷ്യം - 5) എന്നിവയിലാണ് കേരളം ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുന്നത്. |

(ഡി) ക്രമസമാധാന രംഗത്തെ ഭരണമികവിന് കേരളത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(ഡി) ഉണ്ട്. ക്രമസമാധാന രംഗത്തെ ഭരണമികവിന് കേരളത്തിന് ചുവടെ ചേർക്കുന്ന അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

1. UMI (Urban Mobility India) Award – 2017 for excellence in Urban Transport, SKOCH Governance Award – 2018, DSCI Award (Data Security Council of India) 2017 എന്നീ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.
2. സൈബർ സെക്യൂരിറ്റി വിഭാഗത്തിൽ 2018ലെ FICCI Smart Policing Award കേരള പോലീസ് സേനയുടെ ഭാഗമായി സൈബർ ഡോമിന് ലഭിച്ചിട്ടുണ്ട്. കൂടാതെ Security Watch India (SWI) Innovation and Excellence Award 2016 ൽ "Innovative use of Technology in Cyber Security" എന്ന വിഭാഗത്തിലും സൈബർ ഡോമിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.
3. ക്രമസമാധാന പാലനത്തിനുള്ള ഇന്ത്യ ടുഡേ പുരസ്കാരം.
4. സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ റിപ്പോർട്ട് പ്രകാരം അഴിമതി കുറവുള്ള സംസ്ഥാനം.
5. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് പ്രകാരം വർഗ്ഗീയ കലാപം ഏറ്റവും കുറവുള്ള സംസ്ഥാനം.
6. കേരളാ പോലീസിന്റെ ജനമൈത്രി പദ്ധതിക്ക് ഫൗണ്ടേഷൻ ഫോർ റിസർച്ച് എന്ന സ്ഥാപനം പ്രസിദ്ധീകരിക്കുന്ന ജേണൽ 'കോപ്സ് ടുഡെ ഇന്റർനാഷണൽ' ഏർപ്പെടുത്തിയ പോലീസ് എക്സലൻസ് അവാർഡ്.
7. കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഗവേഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത രാജ്യത്തെ മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷനും ഉൾപ്പെടുന്നു.

8. കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിന് ഐ.എസ്.ഒ. 9001:2015 പദവി പ്രഖ്യാപനം.

9. സൈബർ കുറ്റാന്വേഷണ മേഖലയിലെ മികവിന് ദേശീയ തലത്തിൽ കേരളാ പോലീസിന് അവാർഡ് ലഭിക്കുകയുണ്ടായി.

10. റോഡ് സുരക്ഷിതത്വ പരിശ്രമത്തിന് - ട്രാഫിക് സുരക്ഷിതത്വത്തിനുള്ള സോഫ്റ്റ് പദ്ധതി (കേന്ദ്ര നഗരകാര്യ വകുപ്പ്)

11. കേരള പോലീസിന്റെ സ്റ്റുഡന്റ് കേഡറ്റ് പ്രോജക്റ്റ് രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും നടപ്പിലാക്കാനുള്ള തീരുമാനം.

12. സ്ത്രീ സുരക്ഷ ഉറപ്പാക്കിയതിൽ രണ്ടാം സ്ഥാനം (പ്ലാൻ ഇന്ത്യ)

13. ബ്ലൂവെയിൽ ഗെയിം ഭീഷണിയുടെ പശ്ചാത്തലത്തിൽ സൈബർ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടിക്ക് കേന്ദ്രത്തിന്റെ പ്രശംസ.

14. എറണാകുളം റൂറൽ ജില്ലയിൽ പാസ്പോർട്ട് അപേക്ഷയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് വിദേശകാര്യ മന്ത്രാലയത്തിൽ നിന്നും ഈ വിഭാഗത്തിൽ ഏറ്റവും വേഗതയിലും, പൂർണ്ണമായും ശരാശരി രണ്ട് ദിവസത്തിനുള്ളിൽ വെരിഫിക്കേഷൻ പൂർത്തിയാക്കി രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർത്തിയതിന് എറണാകുളം റൂറൽ ജില്ലയ്ക്ക് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്.

15. 2016 നവംബറിൽ ഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർ നാഷണൽ ട്രേഡ് ഫെയറിൽ (ഡിജിറ്റൽ ഇന്ത്യ തീം) കേരള പവലിയൻ ഗോൾഡ് മെഡൽ കരസ്ഥമാക്കി. അതിൽ കേരളാ പോലീസ് പവലിയൻ Best Exhibitor അവാർഡിന് അർഹമായി.

16. 2016 ഡിസംബറിൽ നടന്ന അറുപതാമത് ദേശീയ

പോലീസ് ഡ്യൂട്ടി മീറ്റിൽ കേരള പോലീസ് സേനയിൽപ്പെട്ടവർ കമ്പ്യൂട്ടർ പരിജ്ഞാന വിഭാഗത്തിൽ മെഡലുകൾ കരസ്ഥമാക്കി.

17. സി.സി.റ്റി.എൻ.എസ്. പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2018ൽ (സി.സി.റ്റി.എൻ.എസ്. ബെസ്റ്റ് പ്രാക്ടീസ്, സക്സസ് സ്റ്റോറി എന്നീ വിഭാഗത്തിൽ) കേരള പോലീസിലെ നാല് ഉദ്യോഗസ്ഥർക്ക് എം.എച്ച്.എ./ എൻ.സി.ആർ.ബി. പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

കേരളത്തിൽ പ്രളയ ദുരന്തം ഉണ്ടായ വേളയിൽ സംസ്ഥാന/ജില്ലാ അതോറിറ്റികളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളേയും സന്നദ്ധ പ്രവർത്തകരേയും വിവിധ സേനാവിഭാഗങ്ങളേയും ഏകോപിപ്പിച്ച് ത്വരിതഗതിയിൽ രക്ഷാ പ്രവർത്തനങ്ങൾ നടത്തുകയും ദുരന്ത ബാധിതരെ സുരക്ഷിത സ്ഥാപനങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുകയും ചെയ്തു. പ്രളയവുമായി ബന്ധപ്പെട്ട് 1260 വില്ലേജുകളെ പ്രളയബാധിതമായി പ്രഖ്യാപിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. പ്രളയബാധിത പ്രദേശങ്ങളിൽ നിന്ന് ഏകദേശം 641508 ആളുകളെ ഒഴിപ്പിച്ച് സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റുകയുണ്ടായി. ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന പ്രദേശങ്ങളിലെ എല്ലാ കുടുംബങ്ങൾക്കും 10,000/- രൂപ വീതം അനുവദിച്ചു. 6,92,966 പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. 2,79,168 സ്ക്വാഡുകൾ 6,90,785 വീടുകളും 5,835 പൊതുകെട്ടിടങ്ങളും 2,371 പൊതുസ്ഥലങ്ങളും ശുചീകരിച്ചു. കിണറുകൾ അണുവിമുക്തമാക്കുകയും കിണറുകളിലെ വെള്ളം ഹരിതകേരളം മിഷന്റെയും, മലിനീകരണ നിയന്ത്രണ ബോർഡിന്റെയും, നാഷണൽ സർവ്വീസ് സ്കീമിന്റെയും നേതൃത്വത്തിൽ ശാസ്ത്രീയമായ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു. സിവിൽ സപ്ലൈസ് വകുപ്പ് 48.37 കോടി രൂപയുടെ സാധനങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളിൽ വിതരണംചെയ്തു. പ്രളയത്തിൽ തകർന്ന പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണത്തിനായി 71.28 കോടി രൂപയും, പാലങ്ങളുടെ പുനരുദ്ധാരണത്തിനായി 1.85 കോടി രൂപയും, സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം നൽകി. പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി ഉജ്ജീവന പദ്ധതി ആരംഭിച്ചു നടപ്പാക്കി. വീട്ടുപകരണങ്ങൾക്കും മറ്റും നാശനഷ്ടം സംഭവിച്ചവർക്ക് 1 ലക്ഷം രൂപ വരെ അനുവദിക്കുന്നതിനായി കുടുംബശ്രീ മുഖേന Resurgent Kerala Loan Scheme (RKLS) എന്ന പദ്ധതി നടപ്പിലാക്കി. വീടുകളുടെ നാശനഷ്ടം സംബന്ധിച്ച വിവരം ശേഖരിക്കാൻ റീബിൽഡ് കേരള ആപ്പ് എന്ന ആപ്ലിക്കേഷൻ വികസിപ്പിച്ചു പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക്സമയബന്ധിതമായി സൗജന്യമായി രേഖകൾ നൽകുന്നതിന് നടപടി സ്വീകരിച്ചു. ശുചീകരണ പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്

പഞ്ചായത്ത്, വാർഡ് ഒന്നിന് 25,000/- രൂപയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡ് ഒന്നിന് 50,000/- രൂപ വീതവും അനുവദിച്ചു. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി RKI എന്ന വകുപ്പ് ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന് കീഴിൽ രൂപീകരിച്ചു.

സംസ്ഥാനത്തൊട്ടാകെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന 14,888 വീടുകളിൽ 9,329 വീടുകൾ ഗുണഭോക്താക്കൾ തന്നെ നിർമ്മാണം നടത്തുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളതും, അതിൽ 1618 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 9066 വീടുകൾക്ക് ആദ്യ ഗഡുവും 5939 വീടുകൾക്ക് രണ്ടാം ഗഡുവും 3233 വീടുകൾക്ക് മൂന്നാം ഗഡുവും അനുവദിച്ചു കഴിഞ്ഞിട്ടുള്ളതാണ്. Care Home പദ്ധതി പ്രകാരം 1990 വീടുകളുടെ പുനർനിർമ്മാണമാണ് ഏറ്റെടുത്തിട്ടുള്ളത്. അവയിൽ 1915 വീടുകൾക്ക് ആദ്യ ഗഡു അനുവദിച്ചിട്ടുണ്ട്. 937 വീടുകളുടെ നിർമ്മാണം ഇപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. വീടും വസ്തുവും നഷ്ടപ്പെട്ട 518 കേസുകളിൽ 22 പേർക്ക് പബ്ലിക്ക് ലാന്റ് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 61 പേർക്ക് ജില്ലാ ഭരണകൂടങ്ങൾ വഴി ഭൂമി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 233 ഗുണഭോക്താക്കൾ നേരിട്ട് ഭൂമി വാങ്ങിയിട്ടുണ്ട്. 207 ഗുണഭോക്താകൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുറമ്പോക്കിൽ വസിച്ചിരുന്ന 1302 പേരുടെ വീടുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. അവരിൽ 525 പേർക്ക് പബ്ലിക്ക് ലാൻഡും, 92 പേർക്ക് ജില്ലാ ഭരണകൂടങ്ങൾ വഴിയും 12 ഗുണഭോക്താക്കൾ നേരിട്ടും ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. 616 ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ദുരന്ത സാധ്യത മേഖലകളിൽ നിന്ന് പുനരധിവാസം ആവശ്യമായ 567 കുടുംബങ്ങൾ ആണുള്ളത്. അവരിൽ 30 പേർക്ക് പബ്ലിക്ക് ലാൻഡും 46 പേർക്ക് ജില്ലാ ഭരണകൂടങ്ങൾ വഴിയും 27 കുടുംബങ്ങൾക്ക് നേരിട്ടും ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. 92 കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രാദേശിക സ്പോൺസർഷിപ്പ് വഴി 1225 വീടുകളുടെ നിർമ്മാണമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അവയിൽ 582 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പ്രകാരം 245

വീടുകളും, അതോടൊപ്പം സ്റ്റേറ്റ് ലെവൽ സ്പോൺസർഷിപ്പ് വഴി 217 വീടുകളുടെ നിർമ്മാണവും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ ഭാഗികമായി നാശം സംഭവിച്ച വീടുകൾ (15%, 16-29%, 30-59%, 60-74% വരെ), പൂർണ്ണമായി നാശം സംഭവിച്ച വീടുകൾ (75% ന് മേലെ) എന്നിങ്ങനെ തരം തിരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ വിഭാഗത്തിലും ധനസഹായം നിരക്കുകൾ യഥാക്രമം 10,000/- രൂപ, 60,000/- രൂപ, 1,25,000/- രൂപ, 2,50,000/-രൂപ, 4,00,000/- രൂപ എന്നിങ്ങനെയായി മിനിമം റിലീഫ് കോഡ് നിർണ്ണയിച്ചിട്ടുണ്ട്. അപ്രകാരം 251227 വീടുകളുടെ പുനർനിർമ്മാണത്തിനായി ആകെ 1163.17 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം-II**

ഓഖി ദുരന്തത്തിനിരയായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി (ഓഖി ഫണ്ട്)ൽ നിന്ന് തുക വിനിയോഗിച്ച് നടപ്പിലാക്കി വരുന്നു. ഫിഷറീസ് വകുപ്പിന് നാളിതുവരെയായി 88.16 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുകയും 76.22 കോടി രൂപ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പ് മുഖേന മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ വീതം അനുവദിച്ചു നൽകി. കൂടാതെ 113923 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000/- രൂപ വച്ച് അടിയന്തിര ധനസഹായം, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പരിക്കേറ്റ 219 മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പരിക്കേറ്റ 219 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ചികിത്സാ ധനസഹായമായി 10,68,000/- രൂപ എന്നിവയും നൽകിയിട്ടുണ്ട്.

ഓഖിയിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 5 കുടുംബങ്ങൾക്ക് ഇതിനകം മുട്ടത്തറയിൽ ഫ്ലാറ്റ് അനുവദിച്ചു നൽകിയിട്ടുണ്ട്. തുടർനിർമ്മാണത്തിനാവശ്യമായ തുകയിൽ 2.41 കോടി രൂപ ബന്ധപ്പെട്ട ഫിഷറീസ് ജില്ലാ ആഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഭാഗികമായി വീട് നഷ്ടപ്പെട്ട 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് 2.04 കോടി രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകി. പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3,000/- രൂപ വീതം ജില്ലാ കളക്ടർമാർ മുഖേന വീട്ടുവാടക നൽകി വരുന്നു. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു.

ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അഞ്ചു ഘട്ടങ്ങളിലായി 6.76 കോടി രൂപ നഷ്ടപരിഹാരം അനുവദിച്ചു നൽകി. ഓഖിയിൽ മരണപ്പെടുകയും കാണാതാവുകയും ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിധവകൾക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകി.

ഓഖിയിൽ മരണമടഞ്ഞവരുടെ മക്കളായ 309 പേർക്ക് ഡിഗ്രിതലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമായി നൽകുന്നതിനും ഡിഗ്രി കഴിഞ്ഞ വിദ്യാർത്ഥികൾക്ക്

തൊഴിലധിഷ്ഠിത ട്രെയിനിംഗ് കോഴ്സുകൾ സൗജന്യമായി നൽകുന്നതിനും 13.92 കോടി രൂപ സർക്കാർ അനുവദിച്ചു.

ഇതു കൂടാതെ ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി 3 മറൈൻ ആംബുലൻസുകൾ കൊച്ചി ഷിപ്പ്യാർഡ് മുഖേന നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. മൊത്തം ആവശ്യമായ 18.24 കോടി രൂപയിൽ 7.36 കോടി ഓഖി ഫണ്ടിൽ നിന്നും അനുവദിക്കുകയും 4.72 കോടി രൂപ കൊച്ചിൻ ഷിപ്പ് യാർഡിന് അനുവദിക്കുകയും ചെയ്തു.
2) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 പേർക്ക് ലൈഫ് ജാക്കറ്റ് നൽകുന്നതിന് 6.10 കോടി രൂപ അനുവദിച്ചു. ആയത് വിതരണം ചെയ്തു വരുന്നു.
3) 15,000 മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ നൽകുന്നതിന് 15.93 കോടി രൂപ അനുവദിച്ചു. കെൽട്രോണാണ് നാവിക് ഉപകരണങ്ങൾ നിർമ്മിക്കുന്നത്. ഐ.എസ്.ആർ.ഒ. സൗജന്യമായി നൽകി 250 നാവിക് ഉപകരണങ്ങൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ വിതരണം ചെയ്തു.
4) 1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്നതിന് 9.42 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ.മായി ചേർന്ന് പദ്ധതി നടത്തിപ്പിനുള്ള നടപടി സ്വീകരിക്കുകയും സാറ്റലൈറ്റ് ഫോൺ വിതരണം ആരംഭിക്കുകയും ചെയ്തു.
5) കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ചു. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് എന്ന കേന്ദ്രസർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിലാണ് പരിശീലനം നൽകുന്നത്. 278 പേർക്ക് നാളിതുവരെ പരിശീലനം നൽകിയിട്ടുണ്ട്. 15 ദിവസം വീതമുള്ള ട്രെയിനിംഗ് ചെലവുകൾക്കായി 4.50 കോടി രൂപ ബന്ധപ്പെട്ട ഫിഷറീസ് ജില്ലാ ആഫീസർമാർക്ക് കൈമാറി. മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്ന് 200 പേരെ

കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ ഗാർഡുമാരായി നിയമിക്കുന്നതിന് സർക്കാർ ഉത്തരവാകുകയും ആഭ്യന്തര വകുപ്പ് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

6) 120 FRP ബോട്ടുകൾക്ക് 1.94 കോടി രൂപ കേന്ദ്ര ധനസഹായം ബ്ലൂ റവല്യൂഷനിൽ ഉൾപ്പെടുത്തി ലഭ്യമായിട്ടുണ്ട്. ഓഖി ദുരിതബാധിതരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്. ബാക്കി ആവശ്യമായ 7.94 കോടി രൂപ ഓഖി ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ച തീരദേശ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള 2000/- കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിനായി പഠനം നടത്തുന്നതിനും DPR തയ്യാറാക്കുന്നതിനും TISS, IRMA എന്നീ സ്ഥാപനങ്ങളെയാണ് ഏൽപ്പിച്ചിരിക്കുന്നത്. മത്സ്യബന്ധനത്തിനായി കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി മത്സ്യബന്ധന വകുപ്പ് നാഷണൽ ഇൻഫോർമാറ്റിക് സെന്ററുമായി ചേർന്ന് 'സാഗര' എന്ന മൊബൈൽ ആപ്പ്-ന് രൂപം കൊടുത്തു. യാനത്തിന്റെ പേര്, ഉടമയുടെ പേര്, ഉടമയുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ, യാനത്തിലെ തൊഴിലാളികളുടെ എണ്ണം, അവരെ സംബന്ധിക്കുന്ന മൊബൈൽ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ എന്നിവ ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് ശേഖരിക്കാൻ കഴിയുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം-III**

'നിപ' രോഗഭീതിയുടെ പശ്ചാത്തലത്തിൽ പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി 'ആരോഗ്യ ജാഗ്രത്' എന്ന പേരിൽ വാർഷിക കർമ്മ പരിപാടി പ്രവർത്തന കലണ്ടർ ഉൾപ്പെടെ തയ്യാറാക്കി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു. ഐ.ഡി.എസ്.പി., എൻ.വി.ബി.ഡി.സി.പി. പ്രോഗ്രാമുകൾ വഴി രോഗനിരീക്ഷണം കാര്യക്ഷമമാക്കി രോഗം പൊട്ടിപ്പുറപ്പെടാനുള്ള അപകട സൂചനകൾ മനസ്സിലാക്കുവാനും, നിയന്ത്ര നടപടികൾ സ്വീകരിക്കുവാനും സാധിച്ചു. ജില്ലാ തലത്തിൽ ഡി.എം.ഒ. മാരുടെയും, സംസ്ഥാന തലത്തിൽ അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം)-ടെയും നേതൃത്വത്തിൽ ദിവസേന റിവ്യൂ മീറ്റിംഗുകളും, വിലയിരുത്തലുകളും നടത്തുകയും, ആവശ്യമായ നിർദ്ദേശങ്ങൾ താഴെത്തട്ടിലേയ്ക്ക് നൽകുകയും ചെയ്യുന്നു. രോഗചികിത്സയ്ക്കാവശ്യമായ അടിയന്തര മരുന്നുകളുടെയും അനുബന്ധ സാധനങ്ങളുടെയും ലഭ്യത ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയുണ്ടായി.

പരിശോധന കിറ്റുകൾ, അണുനാശിനികൾ, കീടനാശിനികൾ, കൊതുകുനശീകരണത്തിനുള്ള ഉപകരണങ്ങൾ, വ്യക്തിഗത സുരക്ഷാ സാമഗ്രികൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പാക്കുകയുണ്ടായി. പ്രധാന ആശുപത്രികളുടെ ഐസൊലേഷൻ വാർഡുകൾ മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു. ജീവനക്കാർക്ക് പകർച്ചവ്യാധി നിയന്ത്രണം, ദുരന്തനിവാരണം തുടങ്ങിയവ സംബന്ധിച്ച് പരിശീലനം നൽകി. ഔട്ട്ബ്രേക്ക് നിയന്ത്രണം, ദുരന്ത നിവാരണം എന്നിവയ്ക്കുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ (SOP) തയ്യാറാക്കി അതിനനുസരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പകർച്ചവ്യാധി സ്ഥിരീകരിക്കുന്നതിന് ആലപ്പുഴയിലെ എൻ.ഐ.വി. യൂണിറ്റ്, മണിപാൽ സെന്റർ വൈറോളജി റിസർച്ച്, ഗവൺമെന്റ് മെഡിക്കൽ കോളേജ്, മൈക്രോബയോളജി വകുപ്പ്, ജില്ലാ പി.എച്ച്. ലാബ്, സംസ്ഥാന പി.എച്ച്. ലാബ് തുടങ്ങിയവയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി. ഇതുകൂടാതെ തോന്നയ്ക്കലിൽ അത്യാധുനിക സൗകര്യങ്ങളോടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ആരംഭിച്ചു.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**